ശ്രീ. പി. കെ. ശങ്കരൻകുട്ടി: നയപരമായ തീരുമാനമെടുത്തശേഷം ഇപ്പോഴും ബാക്കിയുള്ള 46 പേർക്ക് ഒരു കൊല്ലത്തിനുശേഷം മാനസിക പരിവർത്തനം വരികയും ജനാധിപത്യ മാർഗ്ഗങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറാകുകയും ചെയ്തിട്ടുണ്ടോയെന്ന് മനസ്സിലാക്കി അവരുടെ കാര്യം കൂടി പ്രത്യേകം പരിഗണിച്ചുകൂടേ?

മി. സ്പീക്കർ: വളരെ വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണല്ലോ.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഒരു കൊല്ലത്തിനുമുമ്പ് നയപരമായി ആലോചിച്ചു എന്നാണ് പറഞ്ഞത്. അതിനുശേഷം മാനസികപരിവർത്തനം വന്നിട്ടുണ്ടോ എന്ന് പരിശോധിച്ചുകൂടേ?

ശ്രീ. കെ. എം. മാണി: ഞാൻ ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചു. മുഖ്യമന്ത്രിയുടെ അടുത്തുതന്നെ ഒരു ഡെപ്യൂട്ടേഷൻ വരികയുണ്ടായി. അങ്ങനെ പുനഃപരിശോധിക്കാൻ സാദ്ധ്യമല്ല. ജനാധിപത്യ മാർഗ്ഗത്തിലേക്ക് മാറിയതിനെപ്പറ്റിയോ പ്രതിജ്ഞ പുതുക്കുന്ന കാര്യത്തെപ്പറ്റിയോ മാനസികപരിവർത്തനത്തെപ്പറ്റിയോ ഒക്കെയാണ് പറയുന്നത്. ഈ വിഷയം വളരെ ലാഘവബുദ്ധിയോടുകൂടി കാണരുത്. കഴിഞ്ഞ പ്രാവശ്യം ഇരുപത് പേരെ വിട്ടു, അതുകൊണ്ട് എല്ലാവരേയും അങ്ങ് വിടണം എന്നുള്ള ശാഠ്യം ഒരിക്കലും ശരിയല്ല. ഇതു വളരെ പ്രധാനപ്പെട്ടകാര്യമാണ്. നൂറു പ്രാവശ്യം ഒരു ചോദ്യം ചോദിച്ചതുകൊണ്ട് ഗവൺമെന്റിന്റെ നിലപാടിൽ അയവു വരികയില്ല. ഇവരെ വിടാൻ സാധ്യമല്ല.

അടിയന്തിരാവസ്ഥക്കാലത്ത് അനധികൃതമായി കസ്റ്റഡിയിലായിരുന്ന ജീവനക്കാർ

*641 [698] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, എം. വി. രാഘവൻ:
,, എ. പി. കുര്യൻ:
,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥക്കാലത്ത് അനധികൃതമായി കസ്റ്റഡിയിൽവച്ച ജീവനക്കാർക്ക് കസ്റ്റഡിയിലിരുന്ന കാലം സർവ്വീസായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും നൽകാനുള്ള വല്ല നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളെന്നും ആർക്കൊക്കെ അനുകൂലമായെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകൾ ഇനിയും ബാക്കിയുണ്ടോ;

(ഡി) എങ്കിൽ ആരുടേതൊക്കെ;

(ഇ) ഇവർക്കും ഈ ആനുകൂല്യം കൊടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർ,

(എ) ഏതെങ്കിലും സർക്കാർജീവനക്കാരനെ അനധികൃതമായി കസ്റ്റഡിയിൽ വച്ചിരുന്നതായി തെളിയുന്ന പക്ഷം കസ്റ്റഡിയിലിരുന്ന കാലം സർവ്വീസായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും നൽകുന്ന കാര്യം ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

(ബി) മേൽപറഞ്ഞ പ്രകാരം ജയിൽവകുപ്പിലെ വാർഡർ ശ്രീ. രവീന്ദ്രനെ അനധികൃതമായി കസ്റ്റഡിയിൽ വച്ചിരുന്ന കാലം സർവ്വീസായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി, ഡി) ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അടിയന്തിരാവസ്ഥക്കാലത്ത് കസ്റ്റഡിയിലെടുത്തു സെൻട്രൽ ജയിലിൽ ഡൊറിനൃു ആയി വയ്ക്കപ്പെട്ട് പുറത്തുവന്നതിനു ശേഷം ഇതേവരെ സർവ്വീസിൽ തിരിച്ചെടുക്കാത്ത കേസുകൾ ഉണ്ടെന്ന് ഗവൺമെൻറിന് അറിയാമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഞാൻ ഈ പറഞ്ഞതല്ലാതെ വേറെ കേസുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അങ്ങനെ ഏതെങ്കിലും കേസ് ഉണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കുമളി ഭാഗത്ത് സ്കൂളിൽ ജോലി എടുത്തിരുന്ന ഒരു ദേവസി ജയിൽശിക്ഷയനുഭവിച്ചുവന്ന ശേഷം ഇതേ വരെയും പുറത്താണ്. തിരിച്ചെടുക്കാൻ വേണ്ടി നിവേദനം നടത്തിയിട്ട് രണ്ടു വർഷമായി. ഇതേവരെ തിരിച്ചെടുത്തിട്ടില്ല. ആ കാര്യം പ്രത്യേകം പരിശോധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: ഒരാളുടെ കാര്യമാണിവിടെ പറഞ്ഞത്. നിരവധി അധ്യാപകരുടെ ഇതു സംബന്ധിച്ച പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ഞാൻ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട മറ്റു മന്ത്രിമാർക്കുമൊക്കെ നിവേദനം നൽകിയിട്ടുണ്ട്. എന്നിട്ടും ഇതു അറിയുകയില്ലെന്ന് ചോദ്യത്തിനു മറുപടി പറയുന്നു. ഒരാളുടെ പ്രശ്നം മാത്രം എങ്ങനെയാണ് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: എന്റെ മുൻപിലുള്ള വിവരം പറഞ്ഞുവെന്നേ ഉള്ളൂ. പുതിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ തീർച്ചയായും അതെല്ലാം പരിശോധിക്കുന്നതാണ്. അങ്ങനെ വന്നിട്ടുള്ള പരാതികൾ പരിശോധിച്ചിട്ടുണ്ട്. പരിശോധിച്ചപ്പോൾ വസ്തുതകളെപ്പറ്റി എന്തെങ്കിലും അഭിപ്രായ വ്യത്യാസം ഉണ്ടായിക്കാണും. അതുകൊണ്ടാണ് പരിഗണിക്കാതിരുന്നിട്ടുള്ളത്. പുതിയ വസ്തുതകൾ ഉണ്ടെങ്കിൽ അവയെല്ലാം പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: ഞങ്ങൾതന്നെ നേരിട്ട് നൽകിയ നിവേദനത്തിൽ ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കഴിഞ്ഞയാഴ്ചയിൽക്കൂടി മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ശരിയായ വിവരം

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിക്കലല്ല എന്നു പറഞ്ഞാൽ തെറ്റാവുകയില്ല. അതുകൊണ്ട് ഇത്രയും ആളുകളുടെ സർവീസ് വകവെച്ചുകൊടുക്കാൻ നടപടിയെടുക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. പി. കെ. വാസുദേവൻനായർ: ഈ ഗവൺമെൻറ് ആർഡറിൽ, അതിൻറെ പരിധിക്കുള്ളിൽ, വരുന്നതാണെങ്കിൽ ഇവർക്ക് തീർച്ചയായും അതിൻറെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണെന്ന് ഞാൻ ഉറപ്പുപറയുന്നു.

ശ്രീ. എ. പി. കുര്യൻ: ഗവൺമെൻറ് സർവ്വീസിലെപ്പോലെതന്നെ സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാൻറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ അടിയന്തിരാവസ്ഥക്കാലത്ത് അന്യായമായി പിരിച്ചുവിടുകയും പിന്നീട് ജനാധിപത്യവ്യവസ്ഥ പുനഃസ്ഥാപിച്ചശേഷം തിരിച്ചെടുക്കുകയും ചെയ്ത ജീവനക്കാർക്ക് പിരിച്ചുവിട്ട കാലത്തെ ശമ്പളം കൊടുത്തിട്ടില്ലെന്നുള്ളത് പരിഗണിച്ച് അതു കൊടുപ്പിക്കാൻ വേണ്ട നിർദ്ദേശം എത്രയും വേഗം കൊടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഈ പറഞ്ഞ വസ്തുതകൾ ഞാൻ പരിശോധിക്കാം. ഇവിടെയുള്ള ഗവൺമെൻറുത്തരവിൽ പറയുന്നത് In respect of Government employees, teachers of private Schools and Colleges എന്നാണ്. ഇങ്ങനെയാണ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിൽ ബഹുമാനപ്പെട്ട മെംബർ പറഞ്ഞ ആളുകളുടെ കാര്യം വരുമോ എന്ന് എനിക്ക് നല്ല ഉറപ്പില്ല. പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: സർവ്വീസിലുണ്ടായിരുന്ന ആളുകൾ മിസാ തടവുകാരായിക്കിടന്ന അവസരത്തിലെ വേതനവും സർവ്വീസും സംബന്ധിച്ചാണ്. 'ഗവൺമെൻറ് പുറപ്പെടുവിച്ച ആർഡറിലെ വ്യവസ്ഥയ്ക്ക് വിധേയമായി' എന്നു പറഞ്ഞതു മനസ്സിലായില്ല. മിസാ തടവുകാരായി കിടന്ന ആളുകൾക്ക് ഈ ആനുകൂല്യം കിട്ടേണ്ടതാണ്. പക്ഷേ അതിൽ എന്തെങ്കിലും കണ്ടീഷൻസ് ഗവൺമെൻറ് ആർഡറിൽ ഉണ്ടോ എന്നറിയണം.

ശ്രീ. പി. കെ. വാസുദേവൻനായർ: ഞാൻ നോക്കിയിടത്തോളം പ്രത്യേകിച്ച്, അങ്ങനെയുള്ളവർക്ക് ആനുകൂല്യം കിട്ടാതിരിക്കാനുള്ള വ്യവസ്ഥയൊന്നും ഇതിൽ കാണുന്നില്ല. കേന്ദ്രഗവൺമെൻറിൻറെ ഒരു നിർദ്ദേശമനുസരിച്ചാണ് ഇവിടെയും ആർഡർ പുറപ്പെടുവിച്ചത്. കേന്ദ്രത്തിൻറെ ആർഡറിൽ, ഈ കാലഘട്ടത്തിൽ എവിടെയെങ്കിലും ഒരു മാപ്പ് എഴുതി പുറത്തുപോയവർക്ക് ഇത് ബാധകമാക്കരുതെന്ന് പറഞ്ഞിരുന്നു. നമ്മൾ അങ്ങനെ ആദ്യം ചെയ്തിരുന്നു. എന്നാൽ കുറെ കഴിഞ്ഞ് നമ്മുടെ ആർഡർ അമെൻഡു ചെയ്തു ഇങ്ങനെയുള്ളവർക്കുംപ്പെടെ ബാധകമാക്കിയിട്ടുണ്ട്. അതുകൊണ്ട് അവർക്കാർക്കും കിട്ടാതിരിക്കാൻ ഒരു ന്യായവും ഞാൻ കാണുന്നില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: അനധികൃതമായി കസ്റ്റഡിയിൽ ആയിരുന്നുവെന്ന് തെളിയണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എനിക്കറിയാം, ഞാൻതന്നെ റെപ്രസെൻറ് ചെയ്ത ഒന്നുരണ്ടു കേസുകൾ വളരെ ബുദ്ധിമുട്ടൊന്നും കൂടാതെ തെളിഞ്ഞിട്ടുണ്ട്. പക്ഷേ പൊതുവെ, അങ്ങനെ തെളിയിക്കണമെന്ന സമീപനം എടുക്കുന്നതിനുപകരം കുറച്ചുള്ളുകൂടെ ഒഴിച്ചു. ബാക്കി എല്ലാവരും രണ്ടുമൂന്നു മാസം അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ അതിഥികളായി ലോക്കപ്പിൽ ഇരുന്ന ശേഷം മാത്രമേ സെൻട്രൽ ജയിലിൽ എത്തിയിട്ടുള്ളൂവെന്ന് എല്ലാവർക്കും അറിയാവുന്നതുകൊണ്ട്, മിസ പ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥൻമാരെ പിടിച്ചുവച്ചിട്ടുണ്ടെങ്കിൽ അവർക്ക് ആനുകൂല്യങ്ങൾ കിട്ടത്തക്കവിധം, അവർ ആ കാലഘട്ടത്തിൽ ലോക്കപ്പിൽ ആയിരിക്കണം എന്നുള്ള പ്രിസംപ്ഷന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് മുമ്പോട്ടു പോകുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: കേന്ദ്രഗവൺമെന്റിന്റെ ആർഡറിൽ, മിസ പ്രകാരം ഡീറ്റെയിൽ ചെയ്തവരെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്.

Sri K. Chandrasekharan: In between MISA, detention orders and.....

ശ്രീ. പി. കെ. വാസുദേവൻ നായർ: അനേഷിക്കുന്നതിനുമുമ്പ് എന്തെങ്കിലുമൊരു കമ്മിറ്റ്മെന്റ് പറയാൻ പറ്റുകയില്ല. ആർഡറിൽ പറഞ്ഞിട്ടുള്ളത് മിസയിൽ ഡീറ്റെയിൻ ചെയ്തവരെ എന്നാണ്. അപ്പോൾ കടലാസിൽ നോക്കുമ്പോൾ മിസയിൽ ഡീറ്റെയിൻ ചെയ്തിട്ടുള്ളതായി കാണാത്തവരെ എന്തു ചെയ്യുന്നുവെന്ന് എനിക്ക് ഇപ്പോൾ അറിഞ്ഞുകൂടാ. പരിശോധിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: ആനുകൂല്യങ്ങൾ കൊടുക്കുന്നുവെന്ന് പറഞ്ഞു. എല്ലാ ഗൗരവമേറിയ കുറ്റങ്ങൾ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാർക്കും അതിനെ പരിഗണിക്കാതെ ഈ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ? അങ്ങനെ നൽകിയ കേസുകൾ എത്രയാണെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിയിൽ ആകെ രണ്ട് ആളുകളുടെ കാര്യമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടത്. ആ കാര്യത്തെപ്പറ്റി കളക്ടർമാരോട് അനേഷണം നടത്താൻ പറഞ്ഞിരുന്നു. ജയിൽ വാർഡർ ശ്രീ. രവീന്ദ്രനെ സംബന്ധിച്ച് തിരുവനന്തപുരം കളക്ടർ അനേഷണം നടത്തി ആ ഡിറെറൻഷൻ ശരിയായിരുന്നില്ലെന്നും ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണെന്നും തന്നെ റിപ്പോർട്ട് ചെയ്തു. മറ്റൊന്ന്, ശ്രീ. പുരുഷൻ എന്നുപറയുന്ന ഒരു വാർഡറെപ്പറ്റി കോഴിക്കോട് ജില്ലാ കളക്ടർ അനേഷണം നടത്തി. ശ്രീ. പുരുഷൻ തന്നെ പരാതിയില്ലെന്ന് എഴുതിക്കൊടുക്കുകയാണ് ചെയ്തത്. ഇതാണ് എന്റെ കൈയിൽ വന്നിട്ടുള്ള രണ്ടു കേസുകൾ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആ കാലഘട്ടത്തിൽ സഹകാരി കോളേജ് അധ്യാപകൻമാർ, പ്രൊഫസർമാർ, ലക്ചറർമാർ തുടങ്ങിയുള്ള പലരെയും ഡീറ്റെയിൻ ചെയ്തിരുന്നു. മിസയും ഡി. ഐ. ആറും കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടും യൂണിവേഴ്സിറ്റി അവരുടെ സർവ്വീസ് സ് റഗുലറൈസ് ചെയ്യാനും ശമ്പളം കൊടുക്കാനും നടപടി എടുത്തിട്ടില്ല. ഈ ഉത്തരവ് യൂണിവേഴ്സിറ്റിക്കുകൂടി ബാധകമാക്കത്തക്കവിധത്തിൽ ഭേദഗതിചെയ്യുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ ഉത്തരവിൽ Government employees, teachers of private schools and colleges എന്നാണ് പറഞ്ഞിട്ടുള്ളത്, അവർക്കാണു ബാധകമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ് തോമസ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ രണ്ട് ആളുകളുടെ കേസ് മാത്രമാണ് ഇവിടെ വന്നിട്ടുള്ളതെന്ന് പറഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളെന്നു പറയുന്നത് ഗവൺമെന്റിന്റെ സ്ഥാപനങ്ങൾ തന്നെ ആണ്, അവിടെനിന്നും ഇതുപോലെ നടപടികൾ എടുത്ത് പുറത്താക്കിയിട്ടുള്ള ആളുകൾ ഉണ്ട്. അവർക്കുംകൂടി ബാധകമാക്കുന്നതിന് ഈ ഓർഡർ മോഡിഫൈ ചെയ്യാനും അവർക്കുംകൂടി പ്രയോജനം ലഭിക്കാനും ഉള്ള ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട കുര്യന്റെ ചോദ്യം തന്നെ ആവർത്തിക്കുകയാണ്. അതിനെപ്പറ്റി നേരത്തേ പറഞ്ഞു. അവരെ പുറത്താക്കിയോ മറ്റുനടപടികൾ എടുത്തോ എന്നുള്ളതല്ല ഇതിൽ പെട്ട കാര്യമല്ല. ഈ ഓർഡറിൽ പറഞ്ഞിരിക്കുന്നത് മിസ ഡെറിനിയൂസ് ആയിട്ടുള്ളവരുടെ കാര്യമാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ജോലിയിൽനിന്നും പുറത്താക്കപ്പെട്ടിട്ട് സർവ്വീസ്സിൽ തിരിച്ചെടുത്തിട്ടും ശമ്പളം കിട്ടാതിരിക്കുന്ന ഉദ്യോഗസ്ഥൻമാർ ഉണ്ട്. അവർക്ക് ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റിയാണ് ഉത്തരം പറഞ്ഞത്.

പാസ്പോർട്ടുകൾ

*642 [699] ശ്രീ. ടി. എം. ജേക്കബ്: താഴെ ക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പാസ്പോർട്ട് ഓഫീസുകളിൽനിന്ന് ഇതുവരെ എത്ര പാസ്പോർട്ടുകൾ കൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): 28-2-79 വരെ എറണാകുളത്തുള്ള ആഫീസിൽനിന്ന് 6,33,161 -ഉം കോഴിക്കോട്ടുള്ള ഓഫീസിൽനിന്ന് 49338-ഉം പാസ്പോർട്ടുകൾ കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: പാസ്പോർട്ടുകൾ കിട്ടാനുള്ള സൗകര്യത്തെ പരിഗണിച്ചാണ് എം. എൽ. എ. മാർക്ക് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് കൊടുത്തത്. എന്നിട്ടും ഇപ്പോഴും വളരെ യേറെ കാലതാമസം പാസ്പോർട്ട് ഓഫീസിൽ ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, അങ്ങനെയുള്ള പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? അത് എളുപ്പത്തിൽ കിട്ടാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എന്റെ മുൻപിലുള്ള വസ്തുതകൾ കാണിക്കുന്നത് പാസ്പോർട്ട് ഓഫീസുകൾ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു തന്നെയാണ്. ലക്ഷക്കണക്കിന് അപേക്ഷകൾ ഉണ്ട്. എന്നാൽ 6,33,161 പാസ്പോർട്ടുകൾ കൊച്ചിൻ ഓഫീസിൽനിന്നും 28-2-79-വരെ യുള്ള കാലഘട്ടത്തിൽ കൊടുത്തിട്ടുണ്ട്. 32 കേസ്സുകളാണ് നിഷേധിച്ചത്. 80 കേസുകൾ ഇൻവെസ്റ്റിഗേറ്റ് ചെയ്തു. ഇപ്പോൾ ബാക്കിയുള്ള അപേക്ഷകൾ 80000 ആണ്. രണ്ടു സ്ഥലത്തും കൂടിയുള്ളതാണ്. ഇതിന് 5 ആഴ്ചയോ പഴക്കമുള്ളൂ. ഇതിൽനിന്നു തന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly